## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5353 — 02.07.2013 ൽ മറുപടിക്ക്

### ആധാർ കാർഡുകളിൽ കൃത്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . ഷാഫി പറമ്പിൽ<br>ശ്രീ . എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം. പി. വിൻ സെൻറ്<br>ശ്രീ. പി.എ.മാധവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| (എ) ആധാർ കാർഡുകളിൽ കൃത്യത ഉറപ്പു വരുത്തുവാൻ ഐ.ടി. മിഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) ആധാർ എൻറോൾമെന്റ് സമയത്ത് അധികാരികൾ രേഖപ്പെടുത്തുന്ന വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് ഉറപ്പ വരുത്തുവാൻ വ്യക്തികൾക്ക് സൗകര്യമുണ്ട്. കൂടാതെ എൻറോൾമെന്റ് കഴിഞ്ഞ് 96 മണിക്കൂറിനകം കണ്ടെത്തുന്ന പിശകുകൾ എൻറോൾമെന്റ് സെൻററുകളിലൂടെ തന്നെ തിരുത്തുവാനും അവസരമുണ്ട്. ആധാർ ലഭിച്ച ശേഷം കണ്ടെത്തുന്ന പിശകുകൾ തിരുത്തുവാൻ തപാൽ മുഖേനയും യു.ഐ.ഡി.എ.ഐ വെബ് സൈറ്റ് മുഖേനയും (www.uidai.gov.in) സൗകര്യമുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം പെർമനൻറ് എൻറോൾമെന്റ് അപ് ഡേഷൻ സെൻററുകൾ തുടങ്ങി അതു വഴി ഈ സൗകര്യങ്ങൾ ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത കാർഡുകളിൽ കടന്നു കൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ആധാർ കാർഡുകളിലെ തെറ്റു തിരുത്തുവാൻ ജില്ലകളിൽ അദാലത്തുകൾ നടത്തുവാൻ സംസ്ഥാന ഐ.ടി. മിഷൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 12-06-13 മുതൽ 15-06-13 വരെ അക്ഷയ ജില്ലാ ഓഫീസിൻെറയും സംസ്ഥാന ഐ.ടി മിഷൻേറയും സഹകരണത്തോടെ ജില്ലാ കളക്ടർ അദാലത്ത് നടത്തിയിട്ടുണ്ട്. |
| (സി) ഇതിനായി യു. ഐ. ഡി. അധികൃതരുടെ അനുവാദ്യ നേടിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) യു.ഐ.ഡി. അധികൃതരുടെ നിർദ്ദേശങ്ങൾ ഇതിനായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ